# നീരയ്ക്ക് വീണ്ടും കുരുക്കുകൾ

താൻ നിന്നിരുന്നിടത്തു നിധി ഉണ്ടായിട്ടും ആ നിധി തെരഞ്ഞു ലോകം മുഴുവൻ കറങ്ങുകയും ഒടുവിൽ നിധി താൻ ആദ്യം നിന്നിടത്തുതന്നെയാണെന്നു തിരിച്ചറിയുകയും ചെയ്ത ഒരു കഥ ലോകത്തിൽ ഏറെ വായിക്കപ്പെട്ടിട്ടുള്ള ആൽക്കെമിസ്റ്റ് എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. പൗലോ കൊയ്‌ലോ എന്ന ബ്രസീലിയൻ എഴുത്തുകാരൻ വരച്ചുകാട്ടുന്ന നിധി അന്വേഷിച്ച് നടക്കുന്ന ഇടയബാലന്റെ അവസ്ഥയിലാണ് കേരളം. കോടികൾ കേരള സമ്പദ് വ്യവസ്ഥയ്ക്കു സംഭാവനചെയ്യാൻ കഴിയുന്ന തെങ്ങിൽ നിന്നും ഉത്പാദിപ്പിക്കുന്ന മധുര പാനീയമായ നീരയോടു കാണിക്കുന്ന സമീപനമാണ് ഇങ്ങനെ ചിന്തിപ്പിച്ചുപോകുന്നത്. ലോകത്തിന്റെ ദാരിദ്ര്യ നിർമാർജനത്തിനുള്ള പ്രതിവിധിയായി ഗാന്ധിജി പതിറ്റാണ്ടുകൾക്കു മുമ്പ് നീരയെ ഉയർത്തിക്കാട്ടിയിരുന്നു. എന്നാൽ നമ്മുടെ ഭരണാധികാരികൾ ഇതേക്കുറിച്ചു ചിന്തിക്കാൻ തന്നെ കാലമേറെയെടുത്തു എന്നത് നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ദീർഘവീക്ഷണമില്ലായ്മയുടെ നേരേയുയരുന്ന ഒരു ചോദ്യചിഹ്നമാണെന്നതിൽ സംശയമില്ല.

നീരയെ അബ്കാരി നിയമത്തിന്റെ പുറത്തുകൊണ്ടുവരുവാൻ എടുത്തത് 112 വർഷം. ഇങ്ങനെ നീരയെ സ്വതന്ത്രമാക്കാൻ കേരളസർക്കാർ നടത്തിയ നീക്കങ്ങൾ ശ്ലാഘനീയം തന്നെ. എന്നാൽ അബ്കാരി നിയമത്തിനു പുറത്തുവന്ന നീര ഉത്പാദിപ്പിക്കാനും വിൽക്കാനും എക്സൈസ് വകുപ്പിന്റെ അനുമതി വേണമെന്ന വിരോധാഭാസം കൂടി ഈ പുറത്തുകൊണ്ടുവരലിനു പിന്നിലുണ്ടായി. നീര ചെത്തണമെങ്കിൽ എക്സൈസ് ഡപ്യൂട്ടി കമ്മീഷണറിൽ നിന്നു ലൈസൻസ് വാങ്ങണം. നീരയുടെ മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വേണം എക്സൈസിന്റെ അനുമതി. ഇതുമൊന്നും പോരാഞ്ഞ് എക്സൈസ് ഇൻസ്പെക്ടർ നമ്പരിട്ട് നൽകിയാലേ തെങ്ങ് ചെത്താനുമാവൂ. സംഭരണ കേന്ദ്രത്തിൽ നിന്നും സംസ്കരണകേന്ദ്രത്തിലേക്കു കൊണ്ടുപോകാനും വേണം ലൈസൻസ്. ചുരുക്കത്തിൽ രണ്ടു കാലുകളും കെട്ടിയിട്ടിട്ട് ഒരാളോട് ഓടാൻ പറയുന്ന സ്ഥിതിയിലാണ് നീരയും. ഇത്തരമുള്ള അനുമതികൾ നേടണമെങ്കിൽ കേരളത്തിൽ എന്തു താമസമെടുക്കുമെന്ന് അറിയാത്തവരല്ലല്ലോ നമ്മുടെ ഭരണാധികാരികൾ. ഇതിനും പുറമേയാണ് നീര സാധാരണ ജനങ്ങളിലെത്തിക്കാൻ സംസ്ഥാന ബജറ്റിൽ നീക്കിവച്ച തുകയ്ക്കുവേണ്ടിയുള്ള കടിപിടി. കേന്ദ്രസർക്കാർ സ്ഥാപനമായ നാളികേര വികസനബോർഡിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള നാളികേര കർഷകരുടെ ത്രിതല സംവിധാനത്തിന് ഈ തുക നൽകി നീര ഉത്പാദനം ജനകീയമാക്കുമെന്നായിരുന്നു സംസ്ഥാനത്തിന്റെ നിലപാട്. ഇതനുസരിച്ച് കർഷകരുടെ കമ്പനികൾ നടപടികൾ നീക്കിത്തുടങ്ങി. ഈ സമയത്താണ് നിലവിൽ പ്രവർത്തനമില്ലാത്ത നാളികേരവികസന കോർപറേഷൻ പുനരുജ്ജീവിപ്പിച്ച് ഇതുവഴി ഉത്പാദനവും വിപണനവും നടത്താൻ സംസ്ഥാന കൃഷിവകുപ്പ് നീക്കമാരംഭിച്ചിരിക്കുന്നത്. ഒരു കർഷകൻപോലും ബന്ധപ്പെടാത്ത ഈ പ്രസ്ഥാനത്തെ അവതരിപ്പിക്കുകവഴി നീര ഉത്പാദനത്തിന് തയാറായിനിന്ന ലക്ഷക്കണക്കിനു കേരകർഷകർ അംഗങ്ങളായുള്ള ബോർഡിന്റെ ത്രിതല സംവിധാനത്തിൽ കർഷകർക്ക് ആശയക്കുഴപ്പമായി. സാമ്പത്തിക പ്രതിസന്ധിയിലും സർക്കാർ ധനസഹായം പ്രതീക്ഷിച്ചു മുന്നേറിയ ഇവർ ആശങ്കയ്ക്കു നടുവിലായി. കേരളത്തിന്റെ സമ്പദ്ഘടനയെ തന്നെ പുരോഗതിയിലേക്കു കൈപിടിച്ചു നടത്താൻ കെൽപുള്ള, കർഷകരെ സമ്പന്നരാക്കുന്ന നീര ജനകീയമാക്കുന്നതിൽ ഭരണസംവിധാനം തന്നെ മുന്നോട്ടുവയ്ക്കുന്ന നിബന്ധനകളും തുഗ്ളക് പരിഷ്കാരങ്ങളും തന്നെയാണ് വിലങ്ങുതടിയാവുന്നതെന്ന ബോധ്യം ഭരണാധികാരികൾക്കുണ്ടാകണം. നീരയെ സ്വതന്ത്രമാക്കി സംസ്ഥാനത്തെ രക്ഷിക്കണം. കാർഷികവിളകളെല്ലാം വിലയിടിവു നേരിടുമ്പോൾ കേരളത്തെ രക്ഷിക്കാൻ കൽപവൃക്ഷത്തെയെങ്കിലും നമ്മുടെ ഭരണാധികാരികൾ അനുവദിക്കുമോ?

–പത്രാധിപർ